**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1112** **10-08-2023 - ൽ മറുപടിയ്ക്ക്**

**കുറ്റ്യാടി മണിയൂർ വേങ്ങാടിക്കലിലെ മോട്ടോർ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ നെൽകൃഷി നടത്തുന്നതിനായി വേങ്ങാടിക്കൽ എന്ന സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള മോട്ടോർ പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | കുറ്റ്യാടി നിയോജക മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിൽ ചെരണ്ടത്തൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ (വേങ്ങാടിക്കൽ എന്ന സ്ഥലത്തെ മോട്ടോർ) കേടായ 60 എച്ച്.പി മോട്ടോറിന് പകരം പുതിയ 60 എച്ച്.പി മോട്ടോറും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് പ്രസ്തുത മോട്ടോർ ഉപയോഗിച്ച് 2022 ഡിസംബർ 1 മുതൽ പമ്പിംഗ് ആരംഭിച്ചിട്ടുണ്ട്. കൂടാതെ പമ്പ് ഹൗസിൽ നിലവിലുള്ള 40 എച്ച്. പി മോട്ടോർ 10 എച്ച്.പി മോട്ടോർ എന്നിവ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്ന തിനുള്ള പ്രവൃത്തികൾ നടന്നു വരുന്നു. |
| (ബി) | മോട്ടോർ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും എന്നാണ് സ്ഥാപിച്ചത് എന്നും തകരാർ പരിഹരിച്ച് മോട്ടോർ പ്രവർത്തനക്ഷമമാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതെന്നുമുള്ള വിശദവിവരങ്ങൾ അറിയിക്കാമോ; | (ബി) | 60 എച്ച്.പി മോട്ടോർ സ്ഥാപിക്കുന്നതിനായി 7,62,132 രൂപ ചെലവഴിച്ചിട്ടുണ്ട്.. 2022 നവംബർ മാസത്തോടെ മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തിയാക്കുകയും 01.12.2022 മുതൽ പമ്പിംഗ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എംപവർ ഇൻഫ്രാസ്ട്രക്ച്ചർ, 9/150, ഉദിയൻകുളങ്ങര, അമരവിള പി.ഒ, തിരുവനന്തപുരം എന്ന ഏജൻസിയാണ് മോട്ടോർ സപ്ലൈ ചെയ്തിട്ടുള്ളത്. മോട്ടോർ സ്ഥാപിക്കുന്ന പ്രവൃത്തി കരാർ ഏറ്റെടുത്ത് നടത്തിയിട്ടുള്ളത് ശ്രീ.പി.ടി. ഉസ്മാൻ, മിഹാദ് ഹൗസ്, പുറക്കാട് പി.ഒ, പയ്യോളി എന്ന കരാറുകാരനാണ്. |
| (സി) | വെള്ളക്കെട്ട് കാരണം ധാരാളം ഏക്കർ നെൽകൃഷി നശിച്ചു പോകുന്ന അവസ്ഥയ്ക്ക് അടിയന്തര പരിഹാരം ഉണ്ടാകുമോയെന്ന് വിശദമാക്കാമോ? | (സി) | കേടായ പഴയ 60 എച്ച്.പി മോട്ടോർ മാറ്റി പുതിയത് സ്ഥാപിച്ചിട്ടുള്ളത് പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടുണ്ട്. കൂടാതെ പഴയ 40 എച്ച്.പി മോട്ടോറിന്റെ തകരാറുകൾ പരിഹരിക്കുന്നതിനുള്ള പ്രവൃത്തി പൂർത്തിയാവുന്ന തോടുകൂടി വെള്ളക്കെട്ട് മൂലം കൃഷി നശിച്ചുപോകുന്ന അവസ്ഥയ്ക്ക് പരിഹാരമുണ്ടാവുന്നതാണ്. |

സെക്ഷൻ ഓഫീസർ